# പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

17.03.2015 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1992

## ശബരിമല ളാഹയിൽ സത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല ളാഹയിൽ സത്രം നിർമ്മിക്കുന്നതിനും, നിർമ്മലപുരം മണ്ണാരത്തറ റോഡ് നിർമ്മാണത്തിനും എന്നാണ് എം.എൽ.എ പ്രൊപ്പോസൽ നൽകിയിട്ടുള്ളത്.; | (എ) ളാഹയിൽ സത്രം നിർമ്മിക്കുക, നിർമ്മലപുരം മണ്ണാരത്തറ റോഡ് പുനരുദ്ധാരണം എന്നീ ജോലികൾക്ക് ശ്രീ.രാജു എബ്രഹാം എം.എൽ.എ യഥാക്രമം 02.02.2013, 27.12.2012 എന്നീ തീയതികളിൽ റാന്നി ഡി.എഫ്.ഒ-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലായെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; | (ബി) സത്രനിർമ്മാണം സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ആർക്കിടെക്റ്റിന് വിവരങ്ങൾ കൈമാറിയിട്ടുള്ളതായും, റോഡ് നിർമ്മാണത്തിന് 26.2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പി.സി.സി.എഫ് (ഡി ആന്റ് പി.എഫ്.എം)-ന് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) ഈ പ്രവൃത്തിക്ക് ഇനിയും ഭരണാനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; | (സി) ളാഹയിൽ സത്രം നിർമ്മിക്കുന്നതിന് ആർക്കിടെക്റ്റിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാകേണ്ടതുണ്ട്. ഈ ഫയൽ ഇപ്പോൾ റാന്നി ഡിവിഷൻ ഓഫീസിലും, റോഡിന്റെ അനുമതിക്കായുള്ള ഫയൽ വനം വകുപ്പാസ്ഥാനത്തെ പി.സി.സി.എഫ് (ഡി ആന്റ് പി.എഫ്.എം)ന്റെ പക്കലുമാണുള്ളതെന്നറിയുന്നു. |
| (ഡി) അടിയന്തിരമായി ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി ലഭ്യമായിട്ടില്ല. ആയവ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ